# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6546 03/04/2018-ൽ മറുപടിയ്ക്ക്

**വിദേശനിർമ്മിത മദ്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ | ശ്രീ. റ്റി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഇറക്കുമതി ചെയ്യുന്ന വിദേശനിർമ്മിത മദ്യം വാങ്ങിക്കുവാൻ ബെവ്കോ ഇന്റർ നാഷണൽ ടെൻഡർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) വിദേശനിർമ്മിത വിദേശമദ്യ ഉത്പാദകരിൽ നിന്നും നേരിട്ടോ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ഇന്ത്യയിലെ ഏജന്റ് വഴിയോ വിദേശ നിർമ്മിത വിദേശമദ്യവും വിദേശ നിർമ്മിത വൈനും വാങ്ങുന്നതിന് കേരള ബിവറേജസ് കോർപ്പറേഷൻ കേരള ഗവൺമെന്റിന്റെ ഇ-ടെൻഡർ പോർട്ടൽ വഴി റേറ്റ് കോൺട്രാക്ട് ഓഫറുകൾ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) ഇറക്കുമതി ചെയ്യുന്ന വിദേശനിർമ്മിത മദ്യം ബെവ്കോ ഔട്ട് ലെറ്റ് വഴി വിൽക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ആവശ്യക്കാർ കുറയുന്ന സാഹചര്യം സംജാതമാകുമോയെന്ന് വെളിപ്പെടുത്തുമോ; | (ബി) ഇറക്കുമതി ചെയ്യുന്ന വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വിപണനം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിപണനത്തെ ബാധിക്കാതിരിക്കാൻ ഇറക്കുമതി ചെയ്യുന്ന വിദേശ നിർമ്മിത വിദേശ മദ്യത്തിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതിച്ചുങ്കത്തിന് മുമ്പുള്ള വില കെയ്സ് ഒന്നിന് 6000/- രൂപ ആയും വിദേശ നിർമ്മിത വൈനിന്റെ വില 3000/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വിപണനം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തെ ബാധിക്കുന്ന സാഹചര്യം ഒഴിവാക്കാനാകുമെന്ന് കരുതുന്നു. |

(സി) വിദേശനിർമ്മിത മദ്യത്തിന്റെ ഇറക്കുമതി ചുങ്കവും സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള നികുതിയും എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

(സി) വിദേശ നിർമ്മിത വിദേശമദ്യത്തിന് നിലവിൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ഇറക്കുമതി ചുങ്കം 150% ആണ്. ഇതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ നികുതി നിരക്ക് 2018-ലെ കേരള ധനകാര്യ ബില്ലിൽ താഴെ പറയുന്ന പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| എക്സൈസ് ഡ്യൂട്ടിക്ക് പകരം പ്രത്യേക ഫീസ് | പ്രൂഫ് ലിറ്ററിന് പരമാവധി 100 രൂപ |
| വിദേശ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള വിൽപ്പന നികുതി | 78.00% |
| വിദേശ നിർമ്മിത വൈനിനുള്ള വിൽപ്പന നികുതി | 25.00% |

Sreedevi

സെക്ഷൻ ഓഫീസർ